"ഭരണഭാഷ-മാതൃഭാഷ"

വനിതാ-ശിശു
വികസന വകുപ്പ്

നം.ഡി.ഡബ്ല്യു.സി.ഡി/7609/2024-ഡി.3
വനിതാശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര തിരുവനന്തപുരം
തീയതി: 11-09-2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ : 0471-2346534

## പരിപത്രം

വിഷയം: വനിതാശിശുവികസന ഡയറക്ടറേറ്റ്- 2025 ലെ മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും - ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 6.08.2025 ലെ നം.ഒ.എൽ.4/17/2025 പി &എ.ആർ.ഡി നം.സർക്കുലർ

കേരളത്തിലെ ഭരണഭാഷ മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികള് ആവിഷ്കരിച്ചുനടപ്പിലാക്കിവരികയാണ്. എല്ലാ വർഷവും നവംബർ1 മലയാളദിനമായും, നവംബർ1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻറെ ഭാഗമായി സർക്കാറിൻറെ എല്ലാ വകുപ്പുകളിലും, ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും കേരളപ്പിറവിയുടെ 69 ◌ാം വാർഷികവേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിന് സൂചനപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവർത്തിദിവസം മലയാളദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരാഘോഷവും വിപുലമായ രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**മാർഗ്ഗനിർദ്ദേശങ്ങൾ**

1. സംസ്ഥാനതലത്തില് ആഘോഷപരിപാടികളുടെ ഉദ്ഘാടനം 1.11.2025 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. നവംബർ 1◌ാം തീയ്യതി ഓഫീസ്മേധാവിയുടെ അധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

### ഭരണഭാഷാപ്രതിജ്ഞ

**''മലയാളം എൻറെ ഭാഷയാണ്. മലയാളത്തിൻറെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയേയും കേരളസംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. ഭരണനിർവ്വഹണത്തിൽ മലയാളത്തിൻറെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് എൻറെ കഴിവുകൾ ഞാൻ വിനിയോഗിക്കും.''**

2. വാരാഘോഷക്കാലത്ത് ഓഫീസുകളില് ഭാഷാപോഷണത്തിനും, ഭാഷാമാറ്റത്തിനും ഉതകുന്ന പരിശീലന ക്ലാസുകൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ

സംഘടിപ്പിക്കേണ്ടതാണ്.

3. ഓഫീസുകളില് ഓരോദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും, സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

4. കൂടാതെ വാരാഘോഷം സംബന്ധിച്ച ബാനറുകള് പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

<u>ബാനറിൻറെ മാതൃക</u>

**ഭരണഭാഷ- മാതൃഭാഷ**

**മലയാളദിനാഘോഷം - 2025 നവംബർ 1**

**ഭരണഭാഷാ വാരാഘോഷം - 2025 നവംബർ 1 മുതൽ 7 വരെ**

മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് കീഴ്ഖാര്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി 15.11.2025 നകം ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും, എല്ലാ ജില്ലാ വനിതാശിശുവികസന ഓഫീസർമാരും ക്രോഡീകരിച്ച റിപ്പോർട്ട് 25.11.2025 നകം ഡയറക്ടറേറ്റിലേക്ക് അയച്ചു നൽകേണ്ടതാണ്.

മലയാള ദിന- ഭരണഭാഷാ വാരാഘോഷത്തിനുള്ള ചെലവ് "235-02-001-90(NV) 00-26 ഭരണഭാഷ നടപ്പാക്കൽ" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

വനിതാശിശുവികസന ഡയറക്ടർക്കുവേണ്ടി

ബിന്ദു ഗോപിനാഥ്
അഡീഷണൽ ഡയറക്ടർ
പെൻ നമ്പർ-534060
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

പകർപ്പ്

എല്ലാ കീഴ്ഖാര്യാലയ മേധാവികൾക്കും